5904
18/3/17

**കേരള സർക്കാർ**

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - തിരുവനന്തപുരം ജില്ലാ കളക്ടറുടെ നടപടിക്രമം സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**റവന്യൂ (ഡിആർഎഫ് -എ) വകുപ്പ്**

**സ.ഉ.(സാധാ) നം:1045/17/റവ.** **തിരുവനന്തപുരം, തീയതി, 14/03/2017**

==========================================================================

**പരാമർശം:** 1. 23.06.2016-ലെ തിരുവനന്തപുരം ജില്ലാ കളക്ടറുടെ എ5-51955/16 നമ്പർ നടപടിക്രമം.

2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 13.02.2017-ലെ എ5-51955/16 നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ പാറശ്ശാല വാണിയത്തോട് ഉദിയന്നൂർവിള വീട്ടിൽ ജന്മനാ അന്ധരായ ശ്രീമതി.ശോഭനകുമാരിക്ക് കുഴൽകിണർ കുഴിക്കുന്നതിന് വേണ്ടി പരാമർശം (1) നടപടിക്രമമനുസരിച്ച് 48,450/- രൂപ തിരുവനന്തപുരം ജില്ലാ കളക്ടർ അനുവദിച്ചിട്ടുണ്ട്. ടി തുക അനുവദിച്ച് നടപടി സാധൂകരിച്ച് നൽകണമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുഴൽ കിണർ കുഴിക്കുന്ന ആവശ്യത്തിലേക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 48,450/- രൂപ അനുവദിച്ച തിരുവനന്തപുരം ജില്ലാ കളക്ടറുടെ നടപടിക്രമം സാധൂകരിച്ചും ടി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിച്ചും ഉത്തരവാകുന്നു.

3. വിതരണത്തിനാവശ്യമായിവരുന്ന **48,450/- രൂപ (നാല്പത്തി എട്ടായിരത്തി നാനൂറ്റി അമ്പത് രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തുക **തിരുവനന്തപുരം ജില്ലാ കളക്ടർക്ക്** നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സന്തോഷ് കുമാർ. ടി.കെ.**
**ഡെപ്യൂട്ടി സെക്രട്ടറി**

**ജില്ലാ കളക്ടർ, തിരുവനന്തപുരം.**
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി).
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**